LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കുറ്റ്യാടി മണ്ഡലത്തിൽ നിന്നും രണ്ട് നീർത്തട വികസന പദ്ധതികൾ ആണ് നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയിൽ ഉൾപ്പെടുത്താൻ കോഴിക്കോട് ജില്ലാ മണ്ണ സംരക്ഷണ ആഫീസർ സമർപ്പിച്ചിട്ടുള്ളത്.

(ബി) കുറ്റ്യാടി ഗ്രാമ പഞ്ചായത്തിലെ 732 ഹെക്ടർ പ്രദേശത്തിന്റെ സംരക്ഷണത്തിനായി 149.5 ലക്ഷം രൂപയുടെ വടയം നീർത്തട പദ്ധതിയും, കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 545 ഹെക്ടർ പ്രദേശത്തിന്റെ വികസനത്തിനായി 182 ലക്ഷം രൂപയുടെ കുന്നുമ്മേൽ നീർത്തട പദ്ധതിയുമാണ് സമർപ്പിച്ചിട്ടുള്ളത്.

(സി) കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പുകളിൽ ലഭ്യമാക്കിയിട്ടുള്ള വടയം, കുന്നുമ്മേൽ എന്നീ പ്രപ്പോസലുകൾക്ക് മണ്ണ് സംരക്ഷണ വകുപ്പ് പരിശോധിച്ചുവരുന്നു.

തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയുടെ നിയമാവലി

220 (3507) ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയുടെ നിയമാവലി അനുസരിച്ച് പദ്ധതിയുടെ ചെയർമാൻ പദവി വഹിക്കേണ്ടത് ആരാണ് എന്ന് അറിയിക്കുമോ ; നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിൽ പദ്ധതിയുടെ ചെയർമാനായി സർക്കാർ നിയോഗിച്ചിരിക്കുന്നത് ആരെയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത നിയമനം നിയമാവലിയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ നടത്തിയിരുന്നത് എന്ന് വിശദമാക്കുമോ ; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ചെയർമാൻ പദവിയിൽ നിന്ന് തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കിയതിന് കാരണം വിശദീകരിക്കുമോ ;

(ഇ) പദ്ധതിയുടെ നിയമാവലി അനുശാസിക്കുംവിധം തൃശ്ശൂർ എം.പി.യെ ചെയർമാനാക്കി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള സമഗ്ര കോൾനില വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോൾനില വികസന സമിതിയും, കോൾ വികസന കൗൺസിലും രൂപീകരിച്ചിരുന്നു. അതിന് പ്രത്യേകം നിയമാവലി സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത കോൾ വികസന സമിതിയുടെ ചെയർമാനായാണ് ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ എം.പി.യെ നിയമിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കിയതല്ല. "തൃശ്ശൂർ-പൊന്നാനി കോൾനില വികസന കൗൺസിൽ" എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ ബൈലാസ്സ് അംഗീകാരം നൽകണമെന്ന ജില്ലാ കളക്ടറുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം

221 (3508) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈക്രോലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യയിലൂടെ ഭൂവിവരം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.